"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - അച്ചടക്ക നടപടിയുടെ ഭാഗമായി സർവീസിൽ നിന്നും വേലവിലക്കിയ നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അഖിൽ.എ.എസ്. ഫയൽ ചെയ്ത ഒ.എ നം.114/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/01/2024 തീയതിയിലെ അന്തിമ ഉത്തരവ്- പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.224/2024/TAXES തീയതി,തിരുവനന്തപുരം, 08-03-2024

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 13/03/2023-ലെ ഇഎക്സ് സി/1346/2023-എക്സ്ഇ5 നമ്പർ ഉത്തരവ്.
2. ശ്രീ.അഖിൽ.എ.എസ് 11/01/2024-ൽ സമർപ്പിച്ച അപേക്ഷ.
3. ശ്രീ.അഖിൽ.എ.എസ്. ഫയൽ ചെയ്ത ഒ.എ നം.114/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/01/2024 തീയതിയിലെ അന്തിമ ഉത്തരവ്
4. എക്സൈസ് കമ്മീഷണറുടെ 22/02/2024-ലെ ഇഎക്സ് സി/1346/2023-എക്സ്ഇ5 നമ്പർ ഉത്തരവ്.

**ഉത്തരവ്**

09.03.2023-ന് 12.20 മണിയ്ക്ക് അഞ്ചൽ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറും പാർട്ടിയും രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചൽ ത്രിവേണി സൂപ്പർമാർക്കറ്റിന് സമീപമുള്ള മത്തായിപുരം അപ്പാർട്ട്മെന്റിന്റെ 311-ാം നമ്പർ മുറിയിൽ പരിശോധന നടത്തി കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. അഖിൽ.എ.എസ്, അൽസാബിത് S/o സജാദ്, ഫൈസൽ S/o അഹമ്മദ് ബിന്യാമിൻ എന്നിവരുടെ കൈവശത്ത് നിന്നും 15.670 ഗ്രാം എം.ഡി.എം.എ, 52.630 ഗ്രാം ഗഞ്ചാവ്, മയക്ക് മരുന്ന് ഉപയോഗത്തിനുള്ള ഗ്ലാസ് ട്രാഗ് പൈപ്പ്, സിഗരറ്റ് ലൈറ്റർ എന്നിവ കണ്ടെത്തി. 1985-ലെ എൻ.ഡി.പി.എസ് നിയമം u/s 22(c), 22(b)IIA, 29 പ്രകാരം കേസ് എടുത്ത് ബഹുമാനപ്പെട്ട പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയതിൽ ടിയാനെയും കൂട്ട് പ്രതികളെയും ബഹുമാനപ്പെട്ട കോടതി റിമാന്റ് ചെയ്യുകയുണ്ടായി. അബ്കാരി/എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസറായി നിയോഗിച്ചിരുന്ന സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അഖിൽ.എ.എസ് തന്നെ മേൽ വിവരിച്ച

കുറ്റകൃത്യം ചെയ്തതായ പ്രവൃത്തി തികച്ചും നിരുത്തരവാദപരവും കൃത്യനിർവ്വഹണത്തിലെ ഗുരുതര വീഴ്ചയും അച്ചടക്കലംഘനവും അധികാര ദുർവിനിയോഗവുമാണെന്നും വിമുക്തി മിഷന്റെ നേതൃത്വത്തിൽ എക്സൈസ് വകുപ്പ് ലഹരിവിരുദ്ധ പ്രചാരണങ്ങൾ സജീവമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന സമയത്ത് എക്സൈസ് വകുപ്പിലെ തന്നെ ഉദ്യോഗസ്ഥനായ ടിയാന്റെ ഭാഗത്ത് നിന്നും ഗുരുതരമായ മയക്കമരുന്ന് കുറ്റകൃത്യം ഉണ്ടായത് എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പും ദുഷ്കീർത്തിയും ഉണ്ടാക്കുവാനിടയാക്കിയെന്നുമുള്ള ജോയിന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ ആന്റ് ഐ.ബി യുടെ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഖിൽ.എ.എസ് പരാമർശം (1) ലെ ഉത്തരവ് പ്രകാരം എക്സൈസ് കമ്മീഷണർ സസ്പെന്റ് ചെയ്യുകയുണ്ടായി.

2) ശ്രീ.അഖിൽ.എസ് പരാമർശം (2) പ്രകാരം തന്നെ സസ്പെന്റ് ചെയ്ത നടപടി പുനപരിശോധിക്കണമെന്നപേക്ഷിച്ച് സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ, മയക്കമരുന്ന് സംബന്ധിച്ച കേസുകൾ സംബന്ധിച്ച വിവരം ശേഖരിക്കണമെന്ന മേലധികാരികളുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചു വരവെ അഞ്ചൽ മത്തായിപുരം അപ്പാർട്ട്മെന്റിൽ മുറിയെടുത്ത് താമസിച്ചിരുന്ന ഫൈസൽ എന്നയാൾ ടി അപ്പാർട്ട്മെന്റ് കേന്ദ്രീകരിച്ച് ചില മയക്കമരുന്ന് ഇടപാടുകൾ നടക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള വിശ്വസനീയമായ വിവരം കിട്ടുകയാണെങ്കിൽ അറിയിക്കാമെന്ന് പറഞ്ഞതിൻ പ്രകാരം 08/03/2023- ൽ കിളിമാനൂർ എക്സൈസ് ഓഫീസിലെ ഡ്യൂട്ടിയ്ക്കിടയിൽ ടിയാൻ ഫോണിൽ വിളിച്ച് അയാൾക്കറിയാവുന്ന ചിലർ മയക്കമരുന്നുമായി ബന്ധപ്പെട്ട അയാളുടെ അപ്പാർട്ട്മെന്റിൽ വന്നേക്കാമെന്നും വന്നാൽ അവരെ പോലീസ് സഹായത്തോടുകൂടി പിടികൂടാൻ കഴിയുമെന്നും മുറിയിൽ വന്ന് അവരുമായി സംസാരിച്ചശേഷം നടപടി സ്വീകരിക്കുന്നതായിരിക്കും നല്ലതെന്ന് പറയുകയാൽ വീട്ടിൽ പോകുന്ന വഴി 09/03/2023- ന് രാവിലെ 10 മണിയോടുകൂടി ഫൈസൽ വാടകയ്ക്ക് എടുത്തിട്ടുള്ള മത്തായിപുരം അപ്പാർട്ടമെന്റിൽ പോയി കാണുകയും ഇതേ സമയം അവിടെയെത്തിയ പോലീസ് കൂടെയുണ്ടായിരുന്ന അൽസാബിത്ത് എന്നയാളിൽ നിന്നും ദേഹപരിശോധനയിൽ കുറേ പൊതികൾ കണ്ടെടുക്കുകയും തുടർന്ന് ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞ് ഉച്ചയ്ക്ക് 12.30 മണി ആയപ്പോൾ അഞ്ചൽ പോലീസ് സ്റ്റേഷനിലെ എസ്.ഐ യും അഞ്ചോളം പോലീസുകാരും മുറിയിലെത്തിയതിനെ തുടർന്ന് പോലീസുകാർ അഞ്ചൽ പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും, ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കണ്ടെടുത്തതാണെന്ന് പറഞ്ഞ് ചില രേഖകൾ തയ്യാറാക്കി ഭീഷണിപ്പെടുത്തി ഒപ്പുകൾ ഇടുവിച്ചിട്ടുള്ളതും ടി പ്രവൃത്തിയിൽ യാതൊരു പങ്കുമില്ലെന്നു അവരോട് പറഞ്ഞെങ്കിലും ആരും അത് കാര്യമാക്കിയില്ലെന്നും തുടർന്ന് ജുഡീഷ്യൽ കസ്റ്റഡി കഴിഞ്ഞ് ടിയാനെയും മറ്റും വീണ്ടും ജയിലിലാക്കുകയും തുടർന്ന് പിന്നീട് നാലുമാസത്തോളം എം.ഡി.എം.എ എന്ന മയക്കമരുന്ന് കൈവശം വച്ച എന്ന ആരോപണത്തിന് ജയിലിൽ കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്തുതായും, അഞ്ചൽ പോലീസ് നിയമവിരുദ്ധമായി കേസ് കെട്ടിച്ചമയ്ക്കുകയും, അതിൽ ടിയാനെകൂടി ഉൾപ്പെടുത്തി പത്രവാർത്ത സൃഷ്ടിക്കുകയും അപ്രകാരത്തിലുള്ള വ്യാജവാർത്തകൾ വഴി ഒരു വേള ഡിപ്പാർട്ട്മെന്റിന്റെ സൽപ്പേരിന് തകരാറുണ്ടായതിൽ ടിയാന് യാതൊരു പങ്കുമില്ല, ഫോറൻസിക് രേഖകൾ ഇക്കാര്യത്തിലെ സത്യം വെളിവാക്കുന്നുണ്ടെന്നും, ആകയാൽ സർവ്വീസിൽ നിന്ന് കഴിഞ്ഞ ഒമ്പത് മാസത്തോളം പുറത്ത് നിൽക്കുന്ന ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്നും

ശ്രീ.അഖിൽ.എസ് അഭ്യർത്ഥിച്ചിരുന്നു.

3) ആയതിനുപുറമെ, ഈ വിഷയത്തിൽ ശ്രീ.അഖിൽ.എ.എസ്. ഫയൽ ചെയ്ത ഒ.എ നം.114/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.അഖിൽ.എ.എസ്. സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ അന്തിമ തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവായിരുന്നു.

4) സിവിൽ എക്സൈസ് ഓഫീസർ ശ്രീ. അഖിൽ. എ. എസിന് നൽകിയ കുറ്റാരോപണമെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വിശദീകരണങ്ങൾ ബന്ധപ്പെട്ട രേഖകളും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ അവ തൃപ്തികരമല്ലെന്ന് കണ്ട് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി കെ.എസ്.ബി.സി ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ എൻക്വയറി ഓഫീസറായി നിയമിക്കുകയുണ്ടായെന്നും, എന്നാൽ ടിയാന് നൽകിയ കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണ പത്രികയിലും ടി കേസ് പുനലൂർ പോലീസ് സ്റ്റേഷനിലാണ് എടുത്തിട്ടുള്ളതെന്നും കൂടാതെ മേൽ ക്രൈം നമ്പർ രേഖപ്പെടുത്തിയതായി കാണുന്നില്ലയെന്നും എന്നാൽ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം ടി കേസ് എൻ.ഡി.പി.എസ്. സി.ആർ. 348/2023 ആയി അഞ്ചൽ പോലീസ് സ്റ്റേഷനിലാണ് എടുത്തിട്ടുള്ളതെന്നും ടി കേസിന്റെ കെമിക്കൽ സർട്ടിഫിക്കറ്റ് അഞ്ചൽ പോലീസ് സ്റ്റേഷനിൽ നിന്നും വാങ്ങി പരിശോധിച്ചതിൽ എം.ഡി.എം.എ. ടി തൊണ്ടിയിൽ കണ്ടെത്തിയിട്ടില്ലെന്നും മെത്താംഫിറ്റാമിനാണ് കണ്ടെത്തിയിട്ടുള്ളതെന്നുമാണ് കാണുതെന്ന് കെ.എസ്.ബി.സി (എച്ച്.ക്യു) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ടി അപാകതകൾ പരിഹരിച്ച് ടിയാന് പുതുക്കിയ കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതും ആയതിന് ടിയാൻ പ്രതിവാദപത്രിക സമർപ്പിച്ചിട്ടുള്ളതുമാണെന്നും, ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക അന്വേഷണ ഉദ്യോഗസ്ഥന് അയച്ചുനൽകിയിട്ടുള്ളതും ഫോർമൽ എൻക്വയറി നടന്നുവരുന്നതുമാണെന്നും ഔപചാരിക അന്വേഷണ വിചാരണ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലായെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അഖിൽ.എ.എസ്-നെതിരെയുള്ള അച്ചടക്ക നടപടിയിൽ ഫോർമൽ എൻക്വയറി നടന്നുവരുന്നതാണെന്നും ഔപചാരിക അന്വേഷണ വിചാരണ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലായെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടിയാനെ സർവ്വീസിൽ പുനപ്രവേശിപ്പിക്കുന്നത് ടി അന്വേഷണത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമുണ്ടാക്കുന്നതാണെന്ന് കാണുന്നു.

6) മേൽ സാഹചര്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി സർവീസിൽ നിന്നും വേലവിലക്കിയ നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസറായിരുന്ന ശ്രീ.അഖിൽ.എ.എസ്. സമർപ്പിച്ച അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

7)മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3) ശ്രീ.അഖിൽ.എ.എസ്, സിവിൽ എക്സൈസ് ഓഫീസർ (u/s)
(എക്സൈസ് കമ്മീഷണർ മുഖേന)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Reese V A
Date: 10-03-2024 07:57:49
Reason: Approved
സെക്ഷൻ ഓഫീസർ